FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

31 MAY 2019

25 RAMADAN 1440 AH

# THE GREATNESS OF LAILATUL QADR
# ലൈലത്തുൽ ഖദ്റിന്റെ മഹത്വം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ലൈലത്തുൽ ഖദ്റിന്റെ മഹത്വം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

1. പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. നിശ്ചയമായും നാം ഇതിനെ (ഖുർആനെ) ലൈലത്തുൽ ഖദ്റിൽ (നിർണ്ണയത്തിന്റെ രാത്രിയിൽ) അവതരിപ്പിച്ചിരിക്കുന്നു.
3. ലൈലത്തുൽ ഖദ്ർ എന്നാലെന്താണെന്ന് നിനക്കെന്തറിയം?
4. ലൈലത്തുൽ ഖദ്ർ ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.
5. മലക്കുകളും റൂഹും അവരുടെ റബ്ബിന്റെ ഉത്തരവ് പ്രകാരം അതിൽ ഇറങ്ങി വരുന്നു! എല്ലാ കാര്യത്തെ സംബന്ധിച്ചും!
6. സമാധാന ശാന്തിയത്രെ അത്! പ്രഭാതോദയംവരേക്കുമുണ്ടായിരിക്കും! (97:1-7)

ബനീഇസ്രായീലിൽ ജീവിച്ചിരുന്ന ശംസൂൺ(റ) എന്ന സൂഫിവര്യനെ കുറിച്ച്, അദ്ദേഹത്തിന്റെ ജീവിതത്തെ അതികരിച്ച്, ഹസ്രത് റസൂൽകരീം(സ) ഒരിക്കൽ പ്രതിപാദിക്കുകയുണ്ടായി. 1000 മാസക്കാലം അദ്ദേഹം ആരാധനയിലും പരിശുദ്ധ യുദ്ധത്തിലുമായി കഴിച്ചുകൂട്ടുകയുണ്ടായി. ഈ കഥ കേട്ട സഹാബിവര്യന്മാരിൽ ഒരാൾ ചോദിക്കുകയുണ്ടായി, യാറസൂലുല്ലാഹ്!

അങ്ങയുടെ ഉമ്മത്തിലെ അംഗങ്ങളുടെ ജീവിതം ഹസ്രത് ശംസൂൺ(റ)യുമായി താരതമ്യം ചെയ്യുമ്പോൾ, നമുക്ക് ആയുസ്സ് വളരെ കുറവാണല്ലോ, അതുപോലെ ശംസൂൺ(റ) ചെയ്തതു പോലുള്ള ഇബാദത്തുകൾ അതേ അളവിൽ ചെയ്യുവാനും സാധ്യമല്ലല്ലോ! ഈ സമയത്ത് ഹസ്രത് ജീബ്രീൽ(അ) പ്രത്യക്ഷ നാകുകയും സൂറഅൽഖദ്ർ ഓതി കേൾപ്പിക്കുകയും ചെയ്തു.

## THE BENEFITS OF THE NIGHT OF DECREE

## നിർണ്ണിത രാവിലെ പ്രയോജനങ്ങൾ

അബൂഹറൈറ(റ)ന്റെയും മറ്റു പല ഹദീസ് നിവേദക രുടെയും അഭിപ്രായത്തിൽ, ലൈലത്തുൽ ഖദ്ർ രാത്രിവേള യിൽ ഭൂമിയിലേക്ക് എണ്ണമറ്റ മലക്കുകൾ ഇറങ്ങിവരുന്നു. ഇക്കാ രണത്താൽ, സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുന്നു. പ്രസ്തുത സമയത്ത് ദീപങ്ങൾ തെളിയുന്നു, പ്രത്യേകമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നു, സ്വർഗ്ഗീയ ലോകം തുറക്കപ്പെടുന്നു, ജനങ്ങൾക്ക് ഈ അവസരം പലനിലയിൽ, അവരുടെ പദവികൾ അനുസൃത മായി, ഇതെപ്പറ്റി ചിന്തിക്കുവാൻ കഴിയുന്നു, (അവരുടെ കഴി വുകൾക്കനുസൃതമായി) അവരുടെ ആത്മീയ നിലവാരമനുസ രിച്ച്, അവരെത്തിച്ചേർന്ന ഈമാന്റെ നിലയനുസരിച്ച്) ചിലർക്ക് ആകാശഭൂമികളുടെ സിംഹാസനം ദർശിക്കുവാനുള്ള കഴി വുണ്ട്. അവർ പ്രസ്തുത ആകാശഭൂമികൾ ഉൾക്കൊള്ളുന്ന സിംഹാസനത്തിലേക്ക് നോക്കുമ്പോൾ, മലക്കുകൾ വിവിധങ്ങ ളായ ആരാധനകളിലേർപ്പെട്ടിരിക്കുന്നത് കാണുവാൻ കഴിയും. നമസ്ക്കാരത്തിന്റെ വിവിധ രൂപങ്ങളിൽ പ്രത്യക്ഷമാകുന്നതാ ണ്, ചിലർ നിന്നു നമസ്ക്കരിക്കുന്നു, ചിലർ റുക്കൂയിലാണ്, ചിലർ സുജൂദിലാണ്, മറ്റു ചിലർ ദിക്ക്റുകളിലാണ്, മറ്റുചിലർ ശുക്ക്ർ രേഖപ്പെടുത്തുന്നു, മറ്റു ചിലർ തസ്ബീഹിലാണ്, വേറെ ചിലർ തഹ്ലീലാണ് (ലാ ഇലാഹ ഇല്ലല്ലാഹ്)

മറ്റു ചില ആളുകൾക്ക് സ്വർഗ്ഗം കാണാൻ കഴിയുന്നു. അവർക്കതിലെ കൊട്ടാരങ്ങളും വീടുകളും കാണുവാൻ കഴി യുന്നു. അതിലെ ഹൂറിലീങ്ങളെ കാണാൻ കഴിയുന്നു, നദി കൾ കാണാൻ കഴിയുന്നു. വൃക്ഷങ്ങൾ കാണുവാൻ കഴിയു ന്നു. ഫലങ്ങൾ കാണുവാൻ കഴിയുന്നു. അങ്ങനെ പല പല കാഴ്ചകളും കാണുവാൻ കഴിയുന്നു. അല്ലാഹുവിന്റെ സിംഹാ സനത്തിന്റെ കാഴ്ചകളും, ദർശനത്തിലൂടെ കാണുന്നവരുണ്ട്,

അത് സ്വർഗ്ഗത്തിന്റെ മേൽതട്ടാകുന്നു. പ്രവാചകന്മാരുടെ വാസസ്ഥലങ്ങൾ കാണുന്നവരുണ്ട്, അല്ലാഹുവിന്റെ സ്നേഹിതരെ കാണുന്നവരുണ്ട്, രക്തസാക്ഷികളെ കാണുന്നവരുണ്ട്, സിദ്ദീഖിങ്ങളെ കാണുന്നവരുണ്ട്. ഇനി മറ്റുചിലർ, അവരുടെ കരുണാനിധിയായ റബ്ബിന്റെ സൗന്ദര്യശോഭയല്ലാതെ മറ്റൊന്നും കാണാത്തവരുണ്ട്. മറ്റെല്ലാ മറകളും ഉയർത്തി അല്ലാഹുവിന്റെ ശോഭയിൽ തിളങ്ങി നില്ക്കുവാനുള്ള അവസരവും ലഭിക്കുന്നവരുണ്ട്.

ഈ പറയപ്പെട്ട കാര്യങ്ങളെല്ലാം, അവർ ദർശിക്കുന്ന, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. അനേകർ അല്ലാഹുവിനെ ദർശിക്കുന്നത് അതിശക്തമായി കത്തിജ്വലിക്കുന്ന ഒരു വിളക്കായിട്ടാണ്. പ്രസ്തുത പ്രകാശ വലയത്തിൽ, അവനെ അവർക്ക് ദർശിക്കുവാൻ കഴിയില്ല. മറ്റു ചിലർ അവനെ മനുഷ്യന്റെ രൂപത്തിൽ കാണുന്നു, അല്ലെങ്കിൽ എന്താണെന്നറിയാൻ കഴിയാത്ത നിലയിൽ! ശൂന്യമായ ഒരു പ്രതലത്തിൽ! അല്ലാഹു(ത) അവൻ നമ്മുടെ ഉള്ളിലുണ്ട്. നമുക്ക് ചുറ്റുമുണ്ട്. അവൻ സൃഷ്ടിച്ച എല്ലാ സ്ഥലങ്ങളിലും അവൻ നിറഞ്ഞു നില്ക്കുന്നു. ഇവയൊക്കെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാകുന്നു. ആയതിനാൽ അല്ലാഹു(ത) താൻ തെരഞ്ഞെടുത്ത ആളുകൾക്ക് അവന്റെ സാന്നിധ്യം ഈ നിലയിലൊക്കെ കാണിക്കുന്നു, അവൻ സ്നേഹിക്കുന്ന ആളുകൾക്ക് അവനിത് വ്യക്തമാക്കിക്കൊടുക്കുന്നു. ഈ അനുഗ്രഹം നല്കുവാൻ അവനുദ്ദേശിക്കുന്നവർക്കും അവനിത് കാണിക്കുന്നു.

ഹസ്രത് ആയിശാ(റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൻ പ്രകാരം "മറ്റു രാത്രികളുമായി താരതമ്യം ചെയ്യുമ്പോൾ റമദാന്റെ അവസാനത്തെ പത്തു രാത്രികളിൽ ദൈവദൂതൻ (സ) ആരാധനയ്ക്കായി വളരെ കൂടുതൽ പ്രയത്നം നടത്തുക പതിവായിരുന്നു." (മുസ്ലിം, മിശ്ക്കാത്ത്)

അനേകം ഹദീസുകളുടെ വെളിച്ചത്തിൽ ലൈലത്തുൽഖദ്ർ റമദാന്റെ അവസാനത്തെ പത്തിലെ ഒറ്റ രാത്രികളിൽ പ്രതീക്ഷിക്കുവാനാണ് ഉപദേശിക്കപ്പെട്ടിരിക്കുന്നത് (അതായത് 21,23,25,27,29) തീയതികളിലെ രാത്രീകളിൽ) ഹസ്രത് ആയിശാ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. "റമദാന്റെ അവസാനത്തെ പത്തുരാത്രികളിൽ നബീകരീം(സ) പള്ളിയിൽ ഇഅ്

തിക്കാഫ് ഇരിക്കൽ പതിവാക്കിയിരുന്നു. നബീകരീം(സ) ഇതു കൂടി പറയുകയുണ്ടായി. റമദാൻ മാസത്തിലെ അവസാനത്തെ പത്തുരാത്രികളിൽ ലൈലത്തുൽ ഖദ്റിനെ നിങ്ങൾ പ്രതീക്ഷിച്ചുകൊള്ളുക" (ബുഖാരി)

ഹസ്രത് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിരുനബി(സ) പറയുകയുണ്ടായി. "ഖദ്റിന്റെ രാത്രിയിൽ ആരാണോ പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്നത്, നിഷ്ക്കളങ്ക ഈമാനോടു കൂടിയും അല്ലാഹുവിന്റെ പ്രതിഫലം കാംഷിച്ചു കൊണ്ടും (മറ്റുള്ളവരെ കാണിക്കുവാനല്ല) അത്തരം ആളുകളുടെ കഴിഞ്ഞകാലപാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്." (ബുഖാരി)

മറ്റൊരു പ്രവാചക വചനത്തിൽ ഹസ്രത് ആയിശ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അവരെ ഉപദേശിച്ചിരിക്കുന്നു. ലൈലത്തുൽ ഖദ്ർ രാത്രിയിൽ നീ ജീവിച്ചിരുന്നാൽ, വളരെയധികം ദുആ ചെയ്യുക. പ്രസ്തുത പ്രാർത്ഥന ഇതാണ്. അല്ലാഹുവെ ! ഇന്നക്ക അഫ്വൻ തൂഹിബ്ബുൽ അഫ്വ ഫഅ്ഫുഅന്നീ യാ അല്ലാഹ് ! നീ വളരെയധികം പൊറുക്കുന്നവനാണ്. പൊറുത്തുകൊടുക്കുന്നത് നീ ഇഷ്ടപ്പെടുന്നവനാണ്. അതുകൊണ്ട് നീ എനിക്ക് പൊറുത്തുതരേണമെ (മിശ്ക്കാത്ത്, ഇബ്നുമാജ, തിർമിദി)

അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക, നിശ്ചയമായും നമ്മുടെ പശ്ചാത്താപം അല്ലാഹു(ത) സ്വീകരിക്കുന്നതാണ്. ലൈലത്തുൽ ഖദ്റിലെ അവന്റെ അനന്തമായ അനുഗ്രഹങ്ങൾ അവൻ നമുക്ക് ചൊരിഞ്ഞു തരുന്നതാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ നിഷ്ക്കളങ്കരായ അംഗങ്ങളും നിശ്ചയമായും ഭാഗ്യവാന്മാർ തന്നെയാണ്. കാരണം ഈ കാലഘട്ടത്തിലെ ഇമാമിനെ അംഗീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവരാണവർ (മനുഷ്യർ തെരെഞ്ഞെടുത്തതല്ല, മറിച്ച്, അല്ലാഹു(ത) താൻ തന്നെ തെരഞ്ഞെടുത്തതാണ്) ആയതിനാൽ അവർ അല്ലാഹുവിനോടും, അവന്റെ ദൂതനോടും റൂഹുൽ ഖുദ്സുമായി വന്ന ഖലീഫത്തുല്ലാഹ്യോടും അനുസരണം പുലർത്തുന്നവരാണവർ. ലോകം ഈ നൂറ്റാണ്ടിൽ അന്ധകാര നിബിഡമായ രാത്രിയിലായിരുന്നു!

അൽഹംദുലില്ലാഹ്! ദൈവീക വെളിപാടുകൾ ലഭിക്കുന്ന അല്ലാഹു (ത)യുടെ ഒരു ദൂതന്റെ സാന്നിധ്യവും, ജീവിതവും,

ഈ ലോകത്തിനെ സംസ്ക്കരിക്കുവാനായി, പ്രസ്തുത വെളിപാടുകൾ ലോകത്തിന് പങ്കുവെയ്ക്കുവാനായി, ഉണ്ടായിരിക്കുക എന്നതും, ലൈലത്തുൽ ഖദ്റിന്റെ തുടർച്ച തന്നെയാണ്. ഇത് യാഥാർത്ഥത്തിൽ നിങ്ങൾക്കുള്ള സത്യമായ ഒരു ലൈലത്തുൽ ഖദ്ർ തന്നെയാണ്. എന്റെ അനുചരന്മാർ ജീവിക്കുന്നത്, അല്ലാഹു(ത)യുടെ തിരുദൂതനായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തിൽ ജീവിക്കുന്നതുപോലെയാണ്, വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ)ന്റെ കാലത്തു ജീവിക്കുന്നതു പോലെയാണ്, മുൻപുണ്ടായിരുന്നതുപോലെ ഇന്നു നിങ്ങളും അല്ലാഹുവിൽ നിന്നുള്ള മുഅ്ജിസാത്തുകൾ ദർശിക്കുന്നവരാണ്, നിങ്ങൾക്കും നിങ്ങളുടെ ഭാര്യമാർക്കും, നിങ്ങളുടെ കുട്ടികൾക്കും, നിങ്ങളുടെ മറ്റു കുടുംബാംഗങ്ങൾക്കും, നിങ്ങളുടെ ശരീരങ്ങൾക്കും, ആത്മാവിനും ബോധ്യമാകുന്ന നിലയിൽ അല്ലാഹു(ത) നിങ്ങൾക്ക് കശ്ഫിലൂടെയും, സ്വപ്നങ്ങളിലൂടെയും അസാധാരണമായ നിലയിൽ നിങ്ങൾക്കതു ലഭ്യമാക്കിതരുന്നുണ്ട്. മാലാഖമാരിൽ നിന്നുള്ള വചനങ്ങൾ നിങ്ങൾ കേൾക്കുന്നു, അതിനുള്ള കഴിവുകൾ അവൻ പ്രദാനം ചെയ്തിരിക്കുന്നു. വെളിപാടുകൾ സ്വീകരിക്കുവാനുള്ള കഴിവുകൾ നല്കിയിരിക്കുന്നു. ദൈവീക മാർഗദർശനവും നിർദ്ദേശങ്ങളും അവനിൽ നിന്നും നിങ്ങൾ സ്വീകരിക്കുന്നു. മാശാ അല്ലാഹ്! സുബ്ഹാനല്ലാഹ്! അല്ലാഹു അക്ബർ!

നിങ്ങൾ മനസ്സിലാക്കുക! അല്ലാഹു(ത)യുടെ ഇച്ഛയ്ക്ക് നിങ്ങൾ കീഴടങ്ങുമ്പോൾ, അവന്റെ ദൂതനെ നിങ്ങൾ അംഗീകരിക്കുമ്പോൾ, അപ്പോൾ നിങ്ങൾ അതിശക്തമായ ഒരു പാശത്തെയാണ് നിങ്ങൾ മുറുകെ പിടിച്ചിരിക്കുന്നത്, അതെ, തീർച്ചയായും അത് അല്ലാഹുവിന്റെ സംഘം തന്നെയാണ് - ജമാഅത്തുസ്സഹീഹിൽ ഇസ്ലാം. പ്രസ്തുത സംഘം വിജയശ്രീലാളിതരായി തീരുന്നതാണ്. ഇൻശാ അല്ലാഹ്! പ്രസ്തുത സമ്പൂർണ്ണവും സത്യവുമായ അനുസരണം പുലർത്തുന്ന ഇത്തരം ആളുകൾക്കായി അവൻ എല്ലായ്പ്പോഴും, അവന്റെ ദൂതനെ അയയ്ക്കുന്നു. ഖലീഫത്തുല്ലാഹ്യെ പരിശുദ്ധ വചനവുമായി നിയോഗിക്കുന്നു. അവർ പരസ്യമായി ഈ കാര്യം അല്ലാഹുവിന്റെ പേരിൽ പ്രഖ്യാപിക്കുന്നു, എന്നിട്ട് അവരിലൂടെ ഇസ്ലാമിന്റെ നവോത്ഥാനം സുസാധ്യമാക്കുന്നു. ദൈവപാതയിൽ നിന്നും വഴി തെറ്റിപോയവരെയെല്ലാം നേർപാതയിലേക്ക് ക്ഷണിക്കപ്പെടുന്നു.

ആയതിനാൽ, എന്റെ പ്രിയ അനുചരന്മാരെ, ഞാൻ പറയുന്നു, നിങ്ങൾ നിങ്ങളുടെ അതിമഹത്തായ പ്രവർത്തനങ്ങൾ തുടരുക, നിങ്ങൾ ഒരു കാരണവശാലും ജനങ്ങളെ ഭയപ്പെടരുത്. അവർ പറയുന്നതിൽ നിങ്ങൾ ആശങ്കാകുലരാകരുത് അവർ ചിന്തിക്കുന്നതിലും നിങ്ങൾ ആശങ്കാകുലരാകേണ്ട, നിങ്ങൾ മനസ്സിൽ സൂക്ഷിക്കുക, നിങ്ങൾക്കാണ് ഈ അസാധാരണമായ അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നത്, നിങ്ങളിൽ മലക്കുകൾ ഇറങ്ങുകയും നിങ്ങളുടെ ഹൃദയങ്ങൾക്ക് പരിവർത്തനം വരുത്തുകയും ചെയ്തിരിക്കുന്നു, ആയതിനാൽ നിങ്ങൾ ഈ സത്യത്തെ പിന്താങ്ങി നിർത്തുക, മാശാ അല്ലാഹ്! ലൈലത്തുൽ ഖദ്ർ മുബാറക്ക്!

## ANNOUNCEMENTS : പ്രഖ്യാപനങ്ങൾ

പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ്, വളരെ പ്രധാനപ്പെട്ട ചില പ്രഖ്യാപനങ്ങൾ, നിങ്ങളുമായി പങ്കുവെയ്ക്കേണ്ടതായിട്ടുണ്ട്.

1. **CHAGOS: ഷഗോസ് :** യുണൈറ്റഡ് നേഷൻസിൽ വിജയം നേടിയശേഷം, മൗറിഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജഗനാഥനും അദ്ദേഹത്തിന്റെ സംഘത്തിനും കഴിഞ്ഞ ശനിയാഴ്ച മെയ് 25-ാം തീയതി വിരോചിതമായ ഒരു സ്വാഗതമാണ് പ്ലെയ്സൻസ് എയർപോർട്ടിൽ നല്കിയത്.

മൗറിഷ്യസിലെ ഷഗോസ് തർക്കവുമായി ബന്ധപ്പെട്ട പ്രമേയത്തിന് യുണൈറ്റഡ് നേഷൻസിലെ 116 രാജ്യങ്ങളിൽനിന്നുള്ള അംഗങ്ങൾ അനുകൂലമായി വോട്ട് ചെയ്തപ്പോൾ, അവർ അത്ഭുത പരതന്ത്രരായി പോയി. ന്യൂയോർക്കിൽ മെയ് 22-ാം തീയതി ബുധനാഴ്ച രാത്രിയിലാണ് ഈ സംഭവം അരങ്ങേറിയത്, 56 രാജ്യങ്ങൾ വോട്ടിംഗിൽ നിന്നും പിന്മാറി നിന്നു. വെറും 6 രാജ്യങ്ങൾ മാത്രമാണ് ഈ പ്രമേയത്തെ എതിർത്തു വോട്ട് ചെയ്തത്.

2017-ൽ അനേകം യൂറോപ്യൻ രാജ്യങ്ങൾ വോട്ടിംഗിൽ നിന്നും പിൻമാറി നിന്ന കാര്യം ഓർക്കുക. എന്നാൽ ഇപ്പോൾ അവർ അനുകൂലമായി വോട്ടു ചെയ്തു. പ്രസ്തുത രാജ്യങ്ങളിൽപെട്ടതാണ് ആസ്ട്രേലിയ, ഗ്രീസ്, ഐർലന്റ്, സ്വിറ്റ്സർലന്റ് തുടങ്ങിയവ. ഈ സാഹചര്യത്തെ ഒരാൾ വിലയിരുത്തുമ്പോൾ,

സിദ്ധാന്തപരമായി, താത്വികപരമായി പറഞ്ഞാൽ ഇതൊരു വലിയ വിജയം തന്നെയാണ് (ചരിത്രപരമായ വിജയം) നമ്മുടെ രാജ്യത്തിന് (മൗറിഷ്യസിന്) യൂണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി സ്ഥാപിതമായ ശേഷം ഉണ്ടായ നടപടി ക്രമങ്ങളിലൂടെ, അതു ലക്ഷ്യം വെയ്ക്കുന്നത്, ബ്രിട്ടന്റെ അധിനിവേശം സമ്പൂർണ്ണമായും ഇല്ലാതാക്കുക. ഷഗോസ് ആർക്കിപെലേഗോയിൽ അതിന്റെ ഭരണം അവസാനിപ്പിക്കുക, ആറുമാസത്തിനുള്ളിൽ!

മൗറിഷ്യസ് റിപ്പബ്ളിക്കിനെ സംബന്ധിച്ചിടത്തോളം ഇത് മൊത്തത്തിൽ ഒരു വലിയ വിജയം തന്നെയാണ്, ഷഗോസിലെ എല്ലാ പൗരന്മാരെ സംബന്ധിച്ചിടത്തോളവും വലിയ നേട്ടം തന്നെയാണ്. കാരണം ഈ ഷഗോസിയൻസിനെ അവരുടെ രാജ്യത്തുനിന്നും പുറത്താക്കപ്പെട്ടിരിക്കുകയായിരുന്നു. ഷഗോസിന്റെ പൈതൃകത്തിലേക്ക്, സ്വാതന്ത്ര്യത്തിലേക്ക് മടങ്ങിപോകുവാൻ മൗറിഷ്യസിന് അവസരമായി തീർച്ചയായും മൗറിഷ്യസ് ചരിത്രത്തിൽ ഇത് ഒരു കറുത്ത അധ്യായമായിരുന്നു, മാനവചരിത്രത്തിൽ മൊത്തിലും! ഈ കാര്യത്തിലെ ബ്രിട്ടന്റെ നിലപാടിൽ ഞാൻ വളരെയധികം നിരാശനായിരുന്നു.

അതുപോലെ തീർച്ചയായും മൗറിഷ്യസിനെ സംബന്ധിച്ചിടത്തോളം ഇത് രാഷ്ട്രീയമായ നയോപായ വൈദഗ്ധ്യം തന്നെയാണ്. ഈ വർഷം (വളരെ പെട്ടെന്ന്) തന്നെ മൗറിഷ്യസിൽ പൊതുതെരഞ്ഞെടുപ്പാണ്. പ്രധാനമന്ത്രിക്കും അദ്ദേഹത്തിന്റെ ഭരണകൂടത്തിനും, മൗറിഷ്യൻ ജനതയുടെ ശ്രദ്ധ ഷഗോസ് കാര്യത്തിലേക്ക് തിരിച്ചു വിടുവാൻ കഴിയുന്നതാണ്, പ്രധാനമന്ത്രിയെ ഒരു രാഷ്ട്രനായകനായി എടുത്തുകാണിക്കുവാനും സാധിക്കുന്നതാണ്. മുൻകഴിഞ്ഞ എല്ലാ ഭരണകൂടങ്ങളും ബ്രെട്ടനുമായി ഈ കാര്യത്തിൽ പോരാടിയിട്ടുണ്ട്, ഷഗോസ് ആർക്കിപെലേഗോയെ മടക്കി എടുത്ത് നേട്ടം കൊയ്യുവാനായി! ഈ എല്ലാ രാഷ്ട്രീയ നയതന്ത്രങ്ങൾക്കിടയിലും, മാനുഷികതയുടെ പേരിൽ മനുഷ്യകുലത്തിന്റെ ഉയർത്തെഴുന്നേല്പിന്റെ പോരാട്ടം തന്നെയായിരുന്നു. എന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. അതിൽ വിജയം നേടിയിരിക്കുന്നു. അതുകൊണ്ടു തന്നെ ഇത് വളരെ വലിയ ഒരു നേട്ടം തന്നെയാണ്. അത് മൗറിഷ്യസിനു മാത്രമല്ല, തങ്ങളുടെ രാജ്യം നിർബന്ധിതാവസ്ഥയിൽ ഉപേക്ഷിക്കേണ്ടി വന്ന എല്ലാ പാപ

പ്പെട്ട ഫഗോസിയൻസിനും ഇത് വളരെ വലിയ നേട്ടം തന്നെയാണ്.

എന്നാൽ, ഇപ്പോൾ, പ്രിയപ്പെട്ട പ്രധാനമന്ത്രി.... ഞങ്ങളെ- മൗറിഷ്യൻ ജനതയെ നിങ്ങൾ വിഡ്ഢികളായി കാണരുത്. അഗലേഗൽ സംബന്ധമായി എന്താണ് നടക്കുന്നതെന്ന് ഞങ്ങളോട് പറയൂ! ഇൻഡ്യയും മൗറിഷ്യസും തമ്മിൽ എന്താണ് സംഭവിക്കുന്നതെന്ന് ഞങ്ങളോട് വിശദീകരിക്കൂ! നിങ്ങളും പ്രധാനമന്ത്രി നരേന്ദ്രമോദിയും തമ്മിൽ എന്താണ് നടക്കുന്നത്? അഗലേഗയിൽ ഒരു എയർപോർട്ട് നിർമ്മിക്കുവാനും മറ്റു അനുബന്ധ വികസന പ്രവർത്തനങ്ങൾക്കും, ഇതുപോലൊരു ചെറിയ ദ്വീപിൽ, ഇത്രയും പണം മുടക്കുവാൻ, ഇൻഡ്യ വെറുതെ ഇത്രയും പണം മുടക്കുവാൻ ഒരു സാധ്യതയുമില്ല, സംശയാസ്പദമായ എന്തോ അതിലുണ്ട്!

## ATTACK AGAINST ISLAM : ഇസ്ലാമിനെതിരിൽ ആക്രമണം

പ്രിയ പ്രധാനമന്ത്രി, നിങ്ങളുടെ ടൂറിസം വകുപ്പ് മന്ത്രി അനിൽ ഗയാൻ, മുസ്ലിംകളെ വേദനിപ്പിക്കുന്ന ചില വാക്കുകളുമായി രംഗത്തു വന്നിരിക്കുകയാണ്. ഇസ്ലാമിനെതിരിൽ തെറ്റായ ആരോപണങ്ങളുമായി അദ്ദേഹം രംഗത്തു വന്നിരിക്കുന്നു. മുസ്ലിം സമുദായത്തിലെ മാന്യത തകർക്കുന്ന പ്രവണത നല്ലതല്ല, ഇത് വംശീയ വിദ്വേഷം തന്നെയാണ്. ഇത്തരം വാക്കുകൾ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അപമാനകരവുമാണ്, ഇത് രാജ്യത്തെ അഖണ്ഡത തകർക്കുന്നതാണ്. എങ്ങനെയാണ് ഒരു മന്ത്രിക്ക് ഇത്തരം ഒരു പ്രസ്താവന ഇറക്കുവാൻ സാധിക്കുക?

മൗറിഷ്യൻ രാജ്യത്തിന് അദ്ദേഹം എന്തു മാതൃകയാണ് കാണിക്കുന്നത്? നാം വിവിധ സംസ്ക്കാരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ജനതയല്ലേ? നാം മാതൃക കാട്ടേണ്ടവരല്ലേ?

ആയതിനാൽ പ്രധാനമന്ത്രി പ്രവിന്ദ് ജഗ്നാഥ് അദ്ദേഹത്തിനെതിരിൽ നടപടി സ്വീകരിക്കണം. അദ്ദേഹത്തോട് രാജി ആവശ്യപ്പെടണം. റമദാൻ പോലുള്ള അനുഗൃഹീത മാസത്തിൽ വംശീയ പിരിമുറുക്കം ഇല്ലാതാക്കി ശാന്തത കൈവരിക്കുവാൻ ഇത് അനിവാര്യമാണ്. ഞാൻ, അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, മൗറിഷ്യസിലെ എല്ലാ മുസ്ലിം സഹോദരീ സഹോദന്മാരോടും അപേക്ഷിക്കുകയാണ്. നിങ്ങൾ ഏതു ജമാഅത്തിൽപെടുന്നവരായാലും ശരി, നിങ്ങൾ ശാന്തരായിരിക്കുക, നിങ്ങൾ ക്ഷമ അവലംബിക്കു

ക, നാം ഒരു അനുഗൃഹീത മാസത്തിലാണ് നാം ജീവിക്കുന്ന ത്, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനത്തിന്റെ മൂല്യം നിങ്ങൾ കാണിക്കുക. നമ്മുടെ പ്രിയ പ്രവാചകൻ ഹസ്രത് മുഹമ്മദ്(സ) യുടെ യഥാർത്ഥ മാതൃക കാണിക്കുക. വിശുദ്ധഖുർആന്റെ യഥാർത്ഥ മൂല്യം കാണിക്കുക. അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥ മാണത്! അതിന്റെ മൂല്യം പ്രകടമാക്കുക. മൗറിഷ്യസിലെ 5 പള്ളി കൾ അവർ ലക്ഷ്യമാക്കിയിരിക്കുന്നു എന്നത് ഞാൻ മനസ്സിലാ ക്കുന്നു. ഇത് അങ്ങേഅറ്റം വെറുപ്പുളവാക്കുന്ന കാര്യം തന്നെ യാണ്. അവിടെ കുറ്റവാളികൾ അനാരോഗ്യകരമായ കാര്യങ്ങൾ എഴുതിയിരിക്കുന്നു. മുസ്ലിംകൾക്കെതിരിൽ വളരെ വൃത്തികെ ട്ടവാക്കുകളാണവർ എഴുതപ്പെട്ടിരിക്കുന്നത്. അല്ലാഹു( ത)യ്ക്കറിയാം അവന്റെ നീതി എങ്ങനെയാണ് നടപ്പാ ക്കേണ്ടതെന്ന്. അതു നമ്മിലേക്ക് വരുമ്പോൾ, നാം ഒരു കാര്യം തീർച്ചയായും അറിഞ്ഞിരിക്കണം, നാം അല്ലാഹുവിനേയും, അവന്റെ റസൂലിനെയും അനുസരിച്ചിരിക്കണം (ഇൻശാ അല്ലാ ഹ്) നാം ഒരു അനുഗൃഹീത മാസത്തിലാണ്. നമ്മുടെ തന്നെ സംസ്ക്കരണത്തിന് നാം വളരെയധികം പ്രാധാന്യം കൊടുക്ക ണം. അതിനായി വളരെ വലിയ ത്യാഗങ്ങൾ സഹിക്കേണ്ടതാ യിട്ടുണ്ട്. നാം നമ്മെ നല്ലവരാക്കി മാറ്റുക. നാം അഭിമുഖീകരി ക്കുന്നത് വളരെ നിർണ്ണായകമായ ഒരു സാഹചര്യത്തെയാ ണ്. നാം സ്വയം നിയന്ത്രണ വിധേയരാകേണ്ടതാണ്. നാം വള രെയധികം വേദന അനുഭവിക്കുമ്പോഴും! നമുക്ക് അല്ലാഹുവി നെയും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫ(സ) നെയും അനു സരിക്കാം. ഇൻശാ അല്ലാഹ് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുക യാണ്. ഒരു അക്രമവും ചെയ്യരുത്. റമദാൻ മാസത്തിന് ശേഷവും! അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള അനു സരണം നിങ്ങൾ തുടരുക. നമുക്ക് ഈ ആളുകൾക്ക് കാണിച്ചു കൊടുക്കാം. ഇസ്ലാം ഏറ്റവും നല്ല വിശ്വാസ സംഹിതയാണെന്ന്! നാം മാനവകുലത്തിന് ഏറ്റവും നല്ല മാതൃകാ പുരുഷന്മാരെ ണെന്നും! നമുക്ക് കാട്ടികൊടുക്കാം. ഇൻശാ അല്ലാഹ്!

## CALAMITY: കൊടും ദുരിതം

കോമറോസിനെ തകർത്തെറിഞ്ഞ കൊടുങ്കാറ്റ് നിങ്ങൾക്ക റിയാവുന്നതാണല്ലോ. 50000ലധികം ആളുകളെ ഈ കൊടു ങ്കാറ്റു ബാധിക്കുകയുണ്ടായി. ഇത് വളരെ വലിയ നാശനഷ്ടം വിതയ്ക്കുകയുണ്ടായി. മൃഗങ്ങളെ തിരമാലകൾ അടിച്ചു

കൊണ്ടു പോയി. കാർഷികവിളകൾ തകർന്നടിഞ്ഞു. 4200ലധികം കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങി. 1000 കണക്കിന് വീടുകൾ തകർന്നു വീണു. കഴിക്കുവാൻ ആഹാരവും,, കുടിക്കുവാൻ ജലവും ഇല്ലാതായി. കുടിജലം ഇല്ലാതായി, കറന്റ് ഇല്ലാതായി, വഴികൾ ഇല്ലാതായി, ഈ ആളുകളെ സഹായിക്കുക എന്നത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളുടെ ബാധ്യതയാണ്. കഴിയുന്നതും വേഗം ഇവരെ എല്ലാ നിലയിലും പിന്താങ്ങേണ്ടതാണ്. ഇൻശാ അല്ലാഹ്!

അല്ലാഹു(ത) മുസ്ലിംകളുടെ മേൽകരുണകാണിക്കട്ടെ, മാനവകുലത്തിന് മൊത്തത്തിൽ കരുണചൊരിയട്ടെ! സത്യത്തെ അല്ലാഹു(ത) പ്രകാശിപ്പിക്കട്ടെ! സത്യവാന്മാരുടെമേലും, അതിക്രമകാരികളുടെ മേലും സത്യം പ്രകാശിക്കട്ടെ, തെറ്റുതിരുത്തുവാനുള്ള അവസരം അക്രമികൾക്ക് പ്രദാനം ചെയ്യട്ടെ! സത്യപാതയിലേക്ക് മടങ്ങുവാനുള്ള അവസരം നല്കട്ടെ. നമ്മുടെ ഹൃദയങ്ങളെ അല്ലാഹു(ത) നന്മ ചെയ്യുവാൻ നയിക്കട്ടെ! അതിലൂടെ അവന്റെ പ്രീതി നമുക്ക് ലഭ്യമാകട്ടെ! ആമീൻ. പീഡിതർക്കായി നമുക്ക് പ്രാർത്ഥിക്കാം. ധർമ്മത്തിന് അധർമ്മത്തിന്റെ മേൽ വിജയം നല്കാനായി നമുക്ക് പ്രാർത്ഥിക്കാം. സത്യവാന്മാർക്ക് അല്ലാഹു(ത) വിജയം നല്കി അനുഗ്രഹിക്കട്ടെ! സാത്താനും അവന്റെ സൈന്യത്തിനും മേൽ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ഇൻശാ അല്ലാഹ് അല്ലാഹുവിന്റെ അതിശക്തമായ സഹായത്താൽ, നാം നമ്മുടെ പ്രവർത്തനങ്ങളിൽ വിജയിക്കുന്നതാണ് എന്ന് നമുക്ക് ആശീക്കാം. ഇൻശാ അല്ലാഹ് ! ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*